# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6933 — 13.07.2012 ൽ മറുപടിയ്ക്ക്

### ഭൂജല വകുപ്പിൽ ജില്ലകളിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പു മന്ത്രി |
| എ) ഭൂജല വകുപ്പിന്റെ കീഴിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുള്ള അധികാരം ഡയറക്ടറിൽ മാത്രം നിക്ഷിപ്തമാണോ ; | എ) ഡിപ്പാർട്ട്മെന്റിലെ തനതു പ്രവർത്തികൾക്ക് അനുമതി നൽകുന്നത് ഡയറക്ടറും മറ്റു വകുപ്പുകൾ ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവർത്തികൾക്ക് സൂപ്രണ്ടിംഗ് എഞ്ചിനിയറുമാണ് സാങ്കേതികാനുമതി നൽകുന്നത്. |
| ബി) ഇതുമൂലം സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സാങ്കേതികാനുമതിയ്ക്കുള്ള ഫയലുകൾ ഡയറക്ടറേറ്റിൽ എത്തിക്കുന്നതുമൂലം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) മറ്റ് വകുപ്പുകളിലെപ്പോലെ ഭൂജല വകുപ്പിൽ ചെറിയ തുകകൾക്കുള്ള പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള അധികാരം ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുമോ ? | സി) ജില്ലാ ഓഫീസുകളിൽ ജില്ലാ ഓഫീസർ ആകുന്നത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്, സീനിയർ ജിയോഫിസിസ്റ്റ് എന്നിവരാണ്. 6 ജില്ലകളിൽ മാത്രമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉള്ളത്. ഇപ്പോൾ ജില്ലാ ഓഫീസുകളിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഡയറക്ടറേറ്റിൽ നിന്ന് അനുമതി ലഭിച്ചതിനുശേഷം ജില്ലാ ഓഫീസർ, പ്രവർത്തി നടപ്പിലാക്കുന്നു. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാങ്കേതികാനുമതിയ്ക്കുള്ള അധികാരം നൽകിയാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, സാങ്കേതികാനുമതി നൽകുന്നതും, പ്രവർത്തി നടപ്പാക്കുന്നതും, ബിൽ തയ്യാറാക്കുന്നതും, പേമെന്റ് നടത്തുന്നതും ഒരാൾ തന്നെയാകുമെന്നതിനാൽ ഇത് അനുവദിയ്ക്കാവുന്നതല്ല. |

സെക്ഷൻ ഓഫീസർ